**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2348** **12-12-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ പ്രവർത്തകർക്കെതിരെ അതിക്രമങ്ങൾ കൂടിവരുന്ന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ എം വിൻസെൻറ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ പ്രവർത്തകർക്കെതിരെ അതിക്രമങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ആരോഗ്യ പ്രവർത്തകർക്കെതിരെ ഒറ്റപ്പെട്ട ചില അതിക്രമങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം മെഡിക്കൽ കോളജിലെ ന്യൂറോ സർജറി വിഭാഗത്തിലെ റസിഡന്റ് വനിത ഡോക്ടറെ രോഗിയുടെ ഭർത്താവ് മർദ്ദിച്ച സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ടി സംഭവത്തിൽ പരിക്കേറ്റ ഡോക്ടറെ കാഷ്വാലിറ്റിയിൽ കാണിക്കുകയും സർജറി വിഭാഗത്തിന്റെ കീഴിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ നൽകിയിരുന്നു. അന്ന് രാത്രി തന്നെ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ടും ന്യൂറോ സർജറി വിഭാഗം മേധാവിയും മെഡിക്കൽകോളേജ് പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്. 14/02/22 എന്ന നമ്പറിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | സമാനമായ സംഭവങ്ങൾ തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനായി GO(Rt)No.1735/2021/H&FWD dated 12.08.2021 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വകുപ്പിനു കീഴിലുള്ള ആശുപത്രികൾ, ഒ.പി, കാഷ്വാലിറ്റി, രോഗികൾ കൂടുതലായി എത്തുന്ന മറ്റിടങ്ങൾ എന്നിവയിലെല്ലാം സി.സി.ടിവി നിരീക്ഷണം സാധ്യമാക്കിയിട്ടുണ്ട്. ആൾക്കൂട്ടം ഉണ്ടാകാനിടയുള്ള ഇടങ്ങളിലും മറ്റ് പ്രധാനയിടങ്ങളിലും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സർക്കാരും കോടതിയും പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ബോർഡ് ആശുപത്രികളുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും പോലീസ് എയ്ഡ് |

| | | | |
|---|---|---|---|
| | | | പോസ്റ്റ് സംവിധാനം നിലവിലുണ്ട്. മാത്രമല്ല ആരോഗ്യ പ്രവർത്തകർക്ക് നേരെയുണ്ടായ അതിക്രമങ്ങൾ യഥാസമയം പോലീസിനെ അറിയിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ